LIBRARY ARCHIVES Kerala Legislative Assembly

നഗര റോഡ് വികസനം

293 (1378) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡ് വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഒരുണ്ടതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും, കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവുവിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓടുപാകിയ നടപ്പാതകൾ, സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി പൂർണ്ണകുടിയും പൂമേടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങളും നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തിരുവനന്തപുരം നഗരറോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകി കൺസഷണറെ നിയമിച്ചുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നേമം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

294 (1379) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ&ബി) നോഡൽ നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള പ്രവൃത്തികളും വിഭാഗത്തിന്റെ കീഴിൽ നാളിതു വരെയുള്ള 1215 ലക്ഷം രൂപയുടെ പദ്ധതികളിൽ 2 എണ്ണം പൂർത്തീകരിച്ചു. ഒരു പദ്ധതിക്ക് (മധുപാലം) അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം റവന്യൂ വകുപ്പ് കൈമാറി തന്നിട്ടില്ല. 9 പദ്ധതികളുടെ ടെണ്ടർ വർക്കുകൾ നടന്നുവരുന്നു. കെട്ടിട വിഭാഗത്തിൻകീഴിൽ അനുവദിച്ചതായ യു.പി.എസ്. മന്ദിരം നിർമ്മാണം-(₹ 30 Lakh), അനുവദിച്ചതായ യു.പി.എസ്. മന്ദിരനിർമ്മാണം നിലവിലുള്ള മന്ദിരത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം (₹ 30 Lakh) എന്നിവയുടെ സാങ്കേതികാനുമതിയും ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലോട്-ഇടപ്പഴിഞ്ഞി റിഡക്കാനന്ദ ഹൈസ്കൂളിലെ മന്ദിരനിർമ്മാണം (₹ 6 Lakh)-ത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. വാഴമുട്ടം എൽ.പി.എസ്.-നായുള്ള മന്ദിര നിർമ്മാണത്തിനായി നിർദ്ദേശം വച്ചിരുന്നെങ്കിലും ടി നിർമ്മാണത്തിനായുള്ള സ്ഥലം ഇതുവരെയും സ്ഥല അധികൃതർ കൈമാറി നൽകിയിട്ടില്ല.

വൺ ടൈം മെയിന്റനൻസ് ഫണ്ട്

295 (1380) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ നാട്ടിക മണ്ഡലത്തിന് വൺടൈം മെയിന്റനൻസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2015-16 വർഷത്തിൽ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly